LIBRARY ARCHIVES Kerala Legislative Assembly

കെ.ജി.സുബ്രഹ്മണ്യം കലാഗ്രാമം

232(738) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കെ.ജി.സുബ്രഹ്മണ്യം കലാഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

കെ.ജി.സുബ്രഹ്മണ്യൻ കലാഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലേ & സിറാമിക് സ്റ്റുഡിയോയുടെയും, ഗ്രാഫിക് സ്റ്റുഡിയോയുടേയും നിർമ്മാണം നടത്തുന്നതിനായി ഈ വർഷം കേരള ലളിത കലാ അക്കാദമിയുടെ കർമ്മ പദ്ധതിയിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കലാഗ്രാമത്തോടനുബന്ധിച്ച് ഒരു ഫൈൻ ആർട്സ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പരിഗണനയിലില്ല.

(സി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

പരിഗണനയിലില്ല.

മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക കമ്മിറ്റിക്ക് വാർഷിക ഗ്രാന്റ് നൽകൽ

233(739) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക കമ്മിറ്റിക്ക് വാർഷിക ഗ്രാന്റായി എത്ര തുകയാണ് നൽകിവന്നിരുന്നതെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് പ്രവർത്തിക്കുന്ന ഗോവിന്ദപൈ സ്മാരകത്തിന് 37,500 രൂപയാണ് ആവർത്തന/വാർഷിക ധനസഹായമായി അനുവദിക്കുന്നത്.

(ബി) പ്രസ്തുത കമ്മിറ്റിക്ക് നൽകിവന്നിരുന്ന ഗ്രാന്റ് തുക നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത കമ്മിറ്റിക്ക് നൽകുന്നതിന് എത്ര തുകയാണ് കുടിശ്ശികയുള്ളത്; ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഇത് വിനിയോഗിക്കുന്നത്; ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കുടിശ്ശികയില്ല. ഗോവിന്ദപൈ സ്മാരകത്തിന്റെ നേതൃത്വത്തിലുള്ള വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായാണ് ഇത്തരത്തിൽ ആവർത്തന/വാർഷിക ധനസഹായം അനുവദിച്ചുപോരുന്നത്. 2021-22 സാമ്പത്തിക വർഷം സ്ഥാപന അധികൃതർ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ അപേക്ഷ സമർപ്പിക്കുന്മുറയ്ക്ക് ആവർത്തന/വാർഷിക ഗ്രാന്റ് അനുവദിക്കുന്നതാണ്.

യുവകലാകാരന്മാരെ സഹായിക്കുന്നതിനുള്ള പദ്ധതി

234(740) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ സഹകരണ കൂട്ടായ്മ സംഘടിപ്പിച്ച് യുവകലാകാരന്മാരെ സഹായിക്കുന്നതിന് സാംസ്കാരിക വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

കലാപഠനം പൂർത്തിയാക്കിയ യുവകലാകാരന്മാർക്ക് ഒരു നിശ്ചിത വർഷ കാലയളവിലേക്ക് ഒരു സാമ്പത്തിക പിന്തുണ ഉറപ്പ് വരുത്തുന്നതിനുവേണ്ടി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഫെലോഷിപ്പ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കലാകാരന്മാരുടെ തുടർന്നുള്ള ജീവനോപാധിയായി കലാപ്രവർത്തനങ്ങൾ തുടരുന്നതിന് അവരുടെ ഇടയിൽ സഹകരണവും കൂട്ടായ്മയും സംജാതമാക്കുന്നതിലേക്ക് രണ്ട് ജില്ലകൾക്ക് ഒന്ന് വീതം ഒരു സഹകരണ സൊസൈറ്റി രൂപീകരിക്കണമെന്ന ആശയം ഉരുത്തിരിയുകയും തുടർ നടപടി ചർച്ചചെയ്ത് വരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കലാപഠനം പൂർത്തിയാക്കിയ യുവകലാകാരന്മാർക്ക് ഒരു നിശ്ചിത വർഷ കാലയളവിലേയ്ക്ക് ഒരു സാമ്പത്തിക പിന്തുണ ഉറപ്പ് വരുത്തുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly